<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721</u> <u>05-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാ ശാലയിൽ ബിരുദ ബിരുദാനന്തര ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നതിന് യു.ജി.സി. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 ൽ തന്നെ യു.ജി.സി. ആക്ട് 1956, സെക്ഷൻ 2(f) ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേർണിംഗ് രീതികളിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി യു.ജി.സി.യിൽ നിന്നും ലഭിച്ചിട്ടുണ്ട്. (Order F No.9-17/2020(CPP-I/PU), dated 07.05.2021). 12 യു.ജി. കോഴ്സുകളും 5 പി.ജി. കോഴ്സുകളും ഈ വർഷം തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ODL സമ്പ്രദായത്തിൽ ഓരോ കോഴ്സിനും പ്രത്യേകം യു.ജി.സി. അനുമതി ആവശ്യമായതിനാൽ ഇതിനു വേണ്ട രേഖകൾ മുഴുവനും യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. യു.ജി.സിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഈ അക്കാദമിക വർഷം മുതൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. യു.ജി.സി. അനുമതി കിട്ടിയാൽ 2022-23 അക്കാദമിക വർഷം ഈ കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ കഴിയും.<br><br>മേൽ സാഹചര്യത്തിലാണ് സർക്കാർ നിർദ്ദേശം വരുന്നതു വരെ വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകളിലേക്ക് പ്രവേശനം നടത്താൻ പാടുള്ളതല്ല എന്ന് സർക്കുലർ മുഖേന സർവ്വകലാശാലകളെ അറിയിച്ചത്. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി.സിയുടെ DEB ൽ നിന്നും 2022-23 അധ്യയന വർഷം മുതൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ അനുമതി ലഭിക്കുന്നില്ല എങ്കിൽ ഈ വർഷം വിദൂര വിദ്യാഭ്യാസം/ പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള കോഴ്സുകൾ നടത്തുന്നതിന് മറ്റു സർവ്വകലാശാലകൾക്ക് അനുമതി നൽകുന്നതാണ്. |
| (ബി) | കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവകലാശാലകളിൽ നിലവിലുള്ള വിദൂര, | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | പ്രൈവറ്റ് വിദ്യാഭ്യാസ സംവിധാനം തടഞ്ഞുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ